സെക്രട്ടേറിയറ്റ് കാന്റീൻ പ്രവർത്തനം

95(806) ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ് കാന്റീനിന്റെ പ്രവർത്തന രീതി വിശദീകരിക്കുമോ;

(ബി) 1999 ഒക്ടോബർ 20 മുതൽ പ്രസ്തുത കാന്റീൻ പ്രവർത്തിക്കാതിരുന്നിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(ഡി) പ്രസ്തുത തീയതിയിൽ സബ്സിഡി കൂടിശ്ശികയിനത്തിൽ സെക്രട്ടേറിയറ്റ് കാന്റീന് എന്ത് തുക കൊടുക്കാനുണ്ടായിരുന്നു;

(ഇ) ആ തുക കൊടുത്തുവോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റ് കാന്റീനിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് നിയമാവലി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 1999 ഒക്ടോബർ 2-ാം തീയതി മുതൽ പ്രവർത്തിക്കാതിരുന്നു.

(സി) നിലവിലുണ്ടായിരുന്ന സെക്രട്ടേറിയറ്റ് കാന്റീൻ മാനേജിംഗ് കമ്മിറ്റി ഭരണം ഉപേക്ഷിച്ച് പോയതിനാൽ കാന്റീൻ പ്രവർത്തിക്കാൻ കഴിഞ്ഞില്ല;

(ഡി)&(ഇ) ചട്ടപ്രകാരം ഓരോ മാസത്തേയ്ക്കുമുള്ള സബ്സിഡി തുക ലഭിക്കുന്നതിന് തൻമാസ ശേഷം തൊഴിലാളികൾക്ക് ടി മാസത്തെ വേതനം നൽകി എന്ന് തെളിയിക്കുന്ന അകൗണ്ടന്റ്സ് റോൾ സഹിതം മാനേജിംഗ് കമ്മിറ്റി സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അകൗണ്ടൻസ് റോളിലെ മൊത്തം തുകയുടെ 60% ആണ് സബ്സിഡിയായി നൽകേണ്ടത്. 1999 ജൂലായ്, ആഗസ്റ്റ് മാസങ്ങളിലേയ്ക്കുള്ള സബ്സിഡിക്ക് മാനേജിംഗ് കമ്മിറ്റിയുടെ അപേക്ഷ ലഭിച്ചിരുന്നില്ല. സെക്രട്ടേറിയറ്റ് വെൽഫെയർ ഓഫീസർ ആവശ്യപ്പെട്ടതനുസരിച്ച് പ്രസ്തുത രണ്ട് മാസങ്ങളിലെ സബ്സിഡി തുകയായ 39,152/- രൂപ 12-10-1999-ൽ നൽകി.

കൊടുങ്ങല്ലൂരിൽ ഫയർ സ്റ്റേഷൻ

96 (807) പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്ക് ആസ്ഥാനമായി അനുവദിക്കപ്പെട്ടിട്ടുള്ള ഫയർ സ്റ്റേഷന് ആവശ്യമായ സ്ഥലം അക്വയർചെയ്ത വിവരം അറിയിച്ചിട്ടുണ്ടോ;

(ബി) ഈ വർഷത്തെ ബഡ്ജറ്റിൽ ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് തുക നീക്കി വച്ചിട്ടുള്ളതുകൊണ്ട് പ്രയോരിറ്റി ലിസ്റ്റിൽ ഉൽപ്പെടുത്തി ഈ വർഷം തന്നെ ഈ ഫയർ സ്റ്റേഷന്റെ നിർമ്മാണം ആരംഭിക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പാറശ്ശാലയിൽ ഫയർ സ്റ്റേഷൻ

97(808) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല പഞ്ചായത്തിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനാവശ്യമായ സ്ഥലം പഞ്ചായത്ത് നൽകിയിട്ട് വർഷങ്ങളേറെയായെങ്കിലും ഇതുവരെ ഫയർ സ്റ്റേഷൻ അനുവദിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വർഷം തന്നെ പാറശ്ശാലയിൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനു വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഫയർഫോഴ്സ് വകുപ്പിനു ലഭ്യമായിട്ടില്ല.

തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലെ ഫയർസർവ്വീസ് സ്റ്റേഷൻ

98(809) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ തുടങ്ങുവാൻ തീരുമാനിച്ച ഫയർ സർവ്വീസ് സ്റ്റേഷൻ എപ്പോൾ തുടങ്ങുവാൻ സാധിക്കുമെന്നും ആയത് തുടങ്ങുവാനുള്ള കാലതാമസം എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ പുതുതായി ആരംഭിക്കുന്ന ഫയർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. ഗ്രൗണ്ട് ലെവൽ ജോലി പൂർത്തിയാക്കുകയും രണ്ടാം നിലയുടെ ജോലി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്, കെട്ടിടം പണി പൂർത്തിയായാലുടൻ ഫയർ സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീകാര്യത്തെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി

99 (810) ശ്രീ. എ. അലി ഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിന് സമീപമുള്ള ശ്രീകാര്യം ജംഗ്ഷനിൽ മിക്കപ്പോഴും അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൻമൂലം തിരുവനന്തപുരം മെഡിക്കൽ കോളേജിലേക്ക് അത്യാസന്ന നിലയിൽ എത്താനുള്ള രോഗികൾക്ക് പോലും കഷ്ടതകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly